# പത്രക്കുറിപ്പ്

തിരുവനന്തപുരം നഗരത്തിലെ ജനങ്ങൾ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് ദിവസേനയുള്ള ഗതാഗതകുരുക്കും അപകടങ്ങളും. ഒരു പ്രദേശത്തെ പോലീസിന്റെ കാര്യക്ഷമത എളുപ്പത്തിൽ മനസിലാക്കാനുള്ള അളവുകോലാണ് ആ പ്രദേശത്തെ ഗതാഗത ക്രമീകരണം. ആയതിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റിയിലെ ഗതാഗതം മികവുറ്റതാക്കുന്നതിന് ഒരു പുതിയ ഗതാഗത നിയന്ത്രണ സംവിധാനം നടപ്പിലാക്കിവരുന്നു

ഹെൽമെറ്റ്/സീറ്റ് ബൽറ്റ് ധരിക്കാതേയും, ഒട്ടോ ഡ്രൈവർമാർ യൂണിഫോം ഇടാതെയും വാഹനം ഓടിച്ച് ട്രാഫിക് നിയമ ലംഘനം നടത്തുന്നവരുടെ ഫോട്ടോ/വീഡിയോ എന്നിവ മൊബൈൽ ഫോണിൽ റിക്കാർഡ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ച് കൊണ്ടിരിക്കുകയാണ്. കൂടാതെ ഇരുചക്ര വാഹനങ്ങളിൽ പുറകിലിരുന്ന് യാത്ര ചെയ്യുന്നവരും കൃത്യമായും ഹെൽമറ്റ് ധരിക്കുന്നുണ്ടോ എന്ന് പരിശോധന കർശനമാക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്.

പോലീസുദ്യോഗസ്ഥർ റോഡിൽ നിങ്ങളെ തടഞ്ഞ് നിർത്തി പരിശോധിക്കിന്നില്ല എന്ന് കരുതിയാൽ അത് തെറ്റാണ്, നിങ്ങൾ പിടിക്കപ്പെടും. നിങ്ങളുടെ ഇത്തരത്തിലുള്ള നിയമലംഘനങ്ങൾ പോലീസുദ്യോഗസ്ഥർ അവരവരുടെ ക്യാമറകളിൽ കൂടി പകർത്തുകയും തുടർന്ന് കോടതി നടപടികൾക്ക് വിധേയമാക്കി കൊണ്ടിരിക്കുകയുമാണ്.

പൊതുജനങ്ങൾക്കും തങ്ങളുടെ മൊബൈൽ ഫോണിൽ ട്രാഫിക് നിയമ ലംഘനങ്ങൾ റിക്കോർഡ് ചെയ്ത് TC Vigil വാട്സ് ആപ്പ് നമ്പറായ **9497975000** എന്ന നമ്പറിലേക്കോ, ട്രാഫിക് വാറ്റ്സ് ആപ്പ് നമ്പറായ **9497001099** ലേക്കോ സമയം, തീയതി, സ്ഥലം എന്നിവ സഹിതം അയച്ചുതരാവുന്നതാണ്. അയച്ചുതരുന്ന നിയമലംഘനങ്ങൾക്ക് കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്. ടി വിവരങ്ങൾ അയച്ചുതരുന്ന വ്യക്തികളുടെ ഐഡന്റിറ്റി വെളിപ്പെടുത്തുന്നതല്ല. ആയത് രഹസ്യമായി സൂക്ഷിക്കുന്നതും അവരെ യാതൊരു വിധത്തിലും ബുദ്ധിമുട്ടിക്കുന്നതുമല്ല.

പൊതുജനങ്ങളുടെനന്മയ്ക്കായും, തിരുവനന്തപുരം നഗരത്തെ അപകട രഹിതമാക്കുന്ന തിന്റെയും ഭാഗമായിട്ടാണ് മേൽ പറഞ്ഞ സംരംഭത്തിന് തുടക്കം കുറിച്ചിട്ടുള്ളതെന്ന് തിരുവനന്തപുരം സിറ്റി പോലിസ് കമ്മീഷണർ അറിയിച്ചിട്ടുള്ളതാണ്. ആയതിലേയ്ക്ക് പൊതുജനങ്ങളുടെ സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.

സിറ്റി പോലീസ് കമ്മീഷണർ
തിരുവനന്തപുരം സിറ്റി